**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3028** **25-06-2024 - ൽ മറുപടിയ്ക്ക്**

**കാലപ്പഴക്കം ചെന്ന ശുദ്ധജല വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാലപ്പഴക്കം ചെന്ന ശുദ്ധജലവിതരണ പൈപ്പുകൾ യഥാസമയം മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ; ഇവ മാറ്റുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെ വിശദമാക്കാമോ; | (എ) | ജലജീവൻ മിഷൻ, അമൃത്, കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, എം.എൽ.എ.എ.ഡി.എഫ്, എം.എൽ.എ. എസ്.ഡി.എഫ് Drought relief work, RKI, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികൾ എന്നിവ മുഖേന കാലപ്പഴക്കം ചെന്ന ശുദ്ധജല പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റുകൾ സമർപ്പിക്കുകയും ഭരണാനുമതി ലഭ്യമാവുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്യുന്നു.<br><br>വിവിധ റോഡുകളിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിന് എൻ.എച്ച്.എ.ഐ., കെ.ആർ.എഫ്.ബി,എൻ.എച്ച്.(Morth), പി.ഡബ്ല്യു.ഡി. നിന്നും അനുമതി ലഭിക്കുന്നതിന് കാലതാമസവും, പൈപ്പ് സ്ഥാപിക്കുന്ന റോഡുകളുടെ റോഡ് പുനരുദ്ധാരണത്തിനായി ഡിമാൻറ് നോട്ടീസ് പ്രകാരമുള്ള തുക അതാത് വകുപ്പുകളിലേക്ക് അടവാക്കുന്നതിനായി ഫണ്ട് ലഭിക്കുന്നതിലെ കാലതാമസവുമാണ് നിലവിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികളിൽ നേരിടുന്ന പ്രധാന തടസ്സങ്ങൾ.<br><br>സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപെടുത്തി ജലനിധി നടപ്പിലാക്കുന്ന സാമൂഹ്യ കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്ന പദ്ധതിയിൽ (Sustainability Support to Community Managed Water Supply Schemes) പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനം നിലച്ച കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നത്തിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഭൂജല വകുപ്പ് നടപ്പിലാക്കിയ ചെറുകിട കുടിവെള്ള വിതരണ പദ്ധതികളുടെ കാലപ്പഴക്കം മൂലം ഉപയോഗിക്കാൻ സാധിക്കാത്ത ജലവിതരണ പൈപ്പുകൾ ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം |

<table>
<tr><td></td><td></td><td></td><td>വകുപ്പിന്റെ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കാറുണ്ട്. നിലവിൽ ഇപ്രകാരം ചെയ്യുന്നതിന് തടസ്സങ്ങൾ ഒന്നും തന്നെയില്ല.</td></tr>
<tr><td>(ബി)</td><td>ഇത്തരത്തിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഇടയ്ക്കിടെ പൊട്ടുന്നത് കാരണം അറ്റകുറ്റപ്പണികൾക്കായി വൻതുക ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഇപ്രകാരം ചെലവിട്ട തുകയുടെ വിവരങ്ങൾ വർഷം തിരിച്ച് നൽകാമോ;</td><td>(ബി)</td><td>കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഇടയ്ക്കിടെ പൊട്ടുന്നത് കാരണം അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കേരള വാട്ടർ അതോറിറ്റി ചെലവിട്ട തുകയുടെ വിവരങ്ങൾ വർഷം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>തുക ലക്ഷത്തിൽ</th></tr>
<tr><td>2019-20</td><td>6712.89919</td></tr>
<tr><td>2020-21</td><td>7166.218</td></tr>
<tr><td>2021-22</td><td>8170.89304</td></tr>
<tr><td>2022-23</td><td>9160.41336</td></tr>
<tr><td>2023-24</td><td>7900.96741</td></tr>
<tr><td>ആകെ</td><td>39111.391</td></tr>
</table>
ഭൂജലവകുപ്പ് നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളിലൊന്നും കാലപ്പഴക്കം ചെന്ന പൈപ്പുകൾ പൊട്ടുന്ന കാരണം അറ്റകുറ്റ പണികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.</td></tr>
<tr><td>(സി)</td><td>സംസ്ഥാനത്തെ കാലപ്പഴക്കം ചെന്ന ശുദ്ധജലവിതരണ പൈപ്പുകളെക്കുറിച്ചും അവയുടെ ഉപയോഗ കാലാവധിയെക്കുറിച്ചുമുള്ള വിവരങ്ങൾ വകുപ്പിൽ ലഭ്യമാണോ; ഇല്ലെങ്കിൽ പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നതിൽ വകുപ്പ് നേരിടുന്ന ബുദ്ധിമുട്ട് എന്തെന്ന് അറിയിക്കുമോ?</td><td>(സി)</td><td>കാലപ്പഴക്കം ചെന്ന ശുദ്ധജല വിതരണ പൈപ്പുകളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണ്. എന്നാൽ അവയുടെ ഉപയോഗ കാലാവധിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. നിലവിലുള്ള പദ്ധതികളുടെ പൈപ്പ് ലൈനുകളുടെ വിവരങ്ങൾ GIS മേപ്പിൽ അടയാളപ്പെടുത്തി വരുന്നുണ്ട്. കൂടാതെ പൈപ്പ് ലൈനുകളുടെ വിശദമായ സ്കെച്ച് തയ്യാറാക്കി സൂക്ഷിക്കാറുണ്ട്. എന്നിരുന്നാലും വിവരം ക്രോഡീകരിക്കാൻ സാധിച്ചിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ